**A** **402**

# സമഗ്ര ശിക്ഷാ, കേരളം
## അർധവാർഷിക മൂല്യനിർണയം 2019–20
## മലയാളം

ക്ലാസ് 4 | സമയം: 2 മണിക്കൂർ

കുട്ടിയുടെ പേര്................................................

വിദ്യാലയത്തിന്റെ പേര്........................................

ഡിവിഷൻ....................................................

രക്ഷിതാവിന്റെ ഒപ്പ് ..........................................

അധ്യാപകന്റെ ഒപ്പ് ............................................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | ഉത്തരമെഴുതാം | |
| 2 | തത്സമയ വിവരണം | |
| 3 | പഴഞ്ചൊൽ വ്യാഖ്യാനം | |
| 4 | പ്രസംഗം തയാറാക്കാം | |
| 5 | ആസ്വാദനക്കുറിപ്പ് | |
| 6 | വിളംബരം തയാറാക്കാം | |
| ഓവറോൾ ഗ്രേഡ് | | |

1. താഴെക്കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിനു നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ ഏതെങ്കിലും നാലു പ്രവർത്തനങ്ങൾക്കു മാത്രം ഉത്തരമെഴുതിയാൽ മതി.
2. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുൻപ് പതിനഞ്ചു മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
3. ഉത്തരമെഴുതാൻ ഇതിലെ സ്ഥലം മതിയാവാതെ വരികയാണെങ്കിൽ അധിക കടലാസ് ഉപയോഗിക്കാവുന്നതാണ്.

## പ്രവർത്തനം 1 – ഉത്തരമെഴുതാം

കഥാഭാഗം ശ്രദ്ധയോടെ വായിക്കൂ.

പുഴയോരത്തെ തെങ്ങിൻചുവട്ടിൽ ഇരിക്കുകയായിരുന്നു ഉണ്ണി. ഓളപ്പരപ്പിലൂടെ ഇഴഞ്ഞുനീങ്ങുന്ന നൗകകൾ, മീനുകളെ വലയ്ക്കകത്താക്കാൻ കാത്തുനിൽക്കുന്ന മീൻപിടുത്തക്കാർ, തീരത്തുനിന്ന് ഇരതേടുന്ന പൊന്മാൻ, വെളുവെളുത്ത കൊറ്റികൾ. നയനമനോഹരമായ കാഴ്ചകൾ കണ്ട് ഉണ്ണിക്ക് ആനന്ദമായി. ഓർക്കാപ്പുറത്താണ് എന്തോ നിറച്ച വലിയ പ്ലാസ്റ്റിക് കവർ ഓളപ്പരപ്പിലേക്ക് ആരോ വലിച്ചെറിഞ്ഞത്. അതുനിറയെ ഭക്ഷണാവശിഷ്ടങ്ങളായിരുന്നു. ഉണ്ണിക്ക് സങ്കടം തോന്നി. ഒരുപാടുപേരുടെ ആശ്രയമായ ഈ പുഴയിലേക്ക് മാലിന്യങ്ങൾ വലിച്ചെറിഞ്ഞ ഇവർ കണ്ണിൽ ചോരയില്ലാത്തവർ തന്നെ. അമ്മ ജോലി കഴിഞ്ഞ് വീട്ടിൽ എത്താറായിട്ടുണ്ടാകും. നീറുന്ന മനസ്സുമായി ഉണ്ണി ധൃതിയിൽ വീട്ടിലേക്കു മടങ്ങി.

ഒന്നു മുതൽ അഞ്ചുവരെയുള്ള ചോദ്യങ്ങൾക്ക് ഏറ്റവും യോജിച്ച ഉത്തരം തിരഞ്ഞെടുത്തെഴുതുക.

1. മീൻപിടുത്തക്കാർ എന്തിനാണ് കാത്തുനിൽക്കുന്നത്?
   - എ) മനോഹരമായ കാഴ്ചകൾ കാണാൻ
   - ബി) മണലെടുക്കാൻ
   - സി) മീനുകളെ വലയ്ക്കകത്താക്കാൻ
   - ഡി) ഇര തേടാൻ

2. ഉണ്ണിക്ക് സങ്കടം തോന്നിയതെന്തുകൊണ്ട്?

എ) കൂട്ടുകാരെ കാണാത്തതുകൊണ്ട്

ബി) മീൻപിടിക്കുന്നതുകൊണ്ട്

സി) അമ്മ വരാത്തതുകൊണ്ട്

ഡി) പുഴയിലേക്ക് ഭക്ഷണാവശിഷ്ടങ്ങൾ വലിച്ചെറിഞ്ഞതുകൊണ്ട്

3. താഴെക്കൊടുത്തവയിൽ 'തോണി' എന്ന വാക്കിന് സമാനമായ പദം ഏതാണ്?

എ) നയനം

ബി) നൗക

സി) ഓളം

ഡി) കൊറ്റി

4. 'കണ്ണിൽ ചോരയില്ലാത്തവർ' എന്ന പ്രയോഗം കൊണ്ട് അർഥമാക്കുന്നതെന്താണ്?

എ) കണ്ണു കാണാത്തവർ

ബി) നന്മയുള്ളവർ

സി) കനിവില്ലാത്തവർ

ഡി) കണ്ണില്ലാത്തവർ

5. ആളുകളുടെ തെറ്റായ ഏതു ശീലത്തെയാണ് ഈ കുറിപ്പിലൂടെ തിരിച്ചറിയാൻ കഴിയുന്നത്?

എ) പ്രകൃതിസ്നേഹം

ബി) പൊതുശുചിത്വം

സി) പരിസരമലിനീകരണം

ഡി) വ്യക്തിശുചിത്വക്കുറവ്

## പ്രവർത്തനം – 2 തത്സമയ വിവരണം

നാടൻകളികളുടെ ഓർമപ്പെടുത്തലാണ് ഓരോ ഓണക്കാലവും. വള്ളംകളിയും വടംവലിയുമൊക്കെ ഓണക്കാലത്തെ പ്രധാന വിനോദങ്ങളാണല്ലോ.

"അത്യന്തം രസകരവും വാശിയേറിയതുമായ വടംവലി മത്സരം ഇതാ തുടങ്ങിക്കഴിഞ്ഞു. ഇരു ടീമുകളും തമ്മിൽ ശക്തമായ വടംവലി നടക്കുകയാണ്. കാണികളുടെ ആവേശം തിരതല്ലുന്നു..." ഒരു വടംവലി മത്സരത്തിന്റെ തത്സമയ വിവരണത്തിന്റെ തുടക്കമാണിത്.

ഇതുപോലെ സംഘമായി കളിക്കുന്ന ഏതെങ്കിലും ഒരു കളിയുടെ തത്സമയവിവരണം എഴുതിത്തയാറാക്കൂ.

## പ്രവർത്തനം – 3 പഴഞ്ചൊൽ വ്യാഖ്യാനം

'ഊണിന്റെ മേളം' എന്ന പാഠഭാഗത്ത് ഭക്ഷണവുമായി ബന്ധപ്പെട്ട ധാരാളം പഴഞ്ചൊല്ലുകൾ നിങ്ങൾ പഠിച്ചുവല്ലോ.

എ) ഭക്ഷണവുമായി ബന്ധപ്പെട്ട നിങ്ങൾക്കറിയാവുന്ന രണ്ടു പഴഞ്ചൊല്ലുകൾ എഴുതുക.

1.

2.

ബി)നിങ്ങൾ എഴുതിയ പഴഞ്ചൊല്ലുകളിൽ ഏതെങ്കിലും ഒന്നിന്റെ ആശയം സ്വന്തം നിരീക്ഷണങ്ങൾ കൂടി ഉൾപ്പെടുത്തി വിശദീകരിച്ചെഴുതുക.

## പ്രവർത്തനം - 4 പ്രസംഗം തയാറാക്കാം

താഴെക്കൊടുത്ത സൂചനകൾ ഉപയോഗപ്പെടുത്തി 'കൃഷിയും കേരളീയജീവിതവും' എന്ന വിഷയത്തെക്കുറിച്ച് ഒരു ലഘുപ്രസംഗം എഴുതിത്തയാറാക്കൂ.

- നെൽവയലുകൾ നിറഞ്ഞുനിന്ന പണ്ടത്തെ കേരളം.
- വയൽ നികത്തി കെട്ടിടങ്ങൾ പണിയൽ.
- കൃഷിഭൂമി തരിശിടൽ.
- കൃഷിയോടുള്ള താൽപര്യമില്ലായ്മ.
- ഭക്ഷ്യവസ്തുക്കൾക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കൽ.
-
-

## പ്രവർത്തനം – 5 ആസ്വാദനക്കുറിപ്പ്

ഈ കവിത വായിച്ചു നോക്കൂ.

**എൻ പ്രിയ ഗ്രാമമേ...**

എൻപ്രിയഗ്രാമമേ സുന്ദരഗ്രാമമേ
നിൻമുഖം വല്ലാതെ മാറിയല്ലോ
പുഞ്ചനെൽപ്പാടങ്ങൾ പൂത്തുലഞ്ഞാടുന്ന
ഗ്രാമീണഭംഗികൾ മാഞ്ഞുവല്ലോ.

ആയിരം വെള്ളാമ്പൽ പൂത്തുലഞ്ഞാടുന്ന
ആവണിപ്പൊയ്കകൾ പോയ്മറഞ്ഞൂ
തെങ്ങോലത്തുമ്പത്തു ചാഞ്ചക്കമാടുന്ന
കുഞ്ഞാറ്റക്കൂടുകൾ പോയ്മറഞ്ഞൂ.

പൊയ്ക- തടാകം

ആടും മരങ്ങളും പാടും പുഴകളും
തോടും തടാകവും പോയ്മറഞ്ഞൂ
പച്ചപ്പ് പീലികൾ നീർത്തി നിന്നാടുന്ന
കേരനിരകളും പോയ്മറഞ്ഞൂ.

എൻപ്രിയഗ്രാമമേ സുന്ദരഗ്രാമമേ
നിൻമുഖം വല്ലാതെ വാടിയല്ലോ
പച്ചനെൽപ്പാടങ്ങൾ പൂത്തുലഞ്ഞാടുന്ന
ഗ്രാമീണഭംഗികൾ മാഞ്ഞുവല്ലോ.

സിപ്പി പള്ളിപ്പുറം

കവിത ഇഷ്ടമായല്ലോ. ഇതിലെ ആശയം, ശബ്ദഭംഗി, ഇഷ്ടവരികൾ, സ്വന്തം നിരീക്ഷണങ്ങൾ എന്നിവ ഉൾപ്പെടുത്തി ആസ്വാദനക്കുറിപ്പെഴുതൂ.

**പ്രവർത്തനം - 6  വിളംബരം തയാറാക്കാം**

**ആയിക്കര എൽ.പി. സ്കൂൾ**
**നാടൻഭക്ഷ്യ പ്രദർശനമേള**

**2019 ഒക്ടോബർ 16-ന് സ്കൂൾഹാളിൽ**

**ഉദ്ഘാടനം : ശ്രീ. മധു അരവിന്ദൻ (വാർഡ് മെമ്പർ)**

**10 മണിക്ക് അമ്മമാർക്കായി നാടൻവിഭവ പാചകമത്സരം**

ലോക ഭക്ഷ്യദിനത്തോടനുബന്ധിച്ച് ആയിക്കര എൽ.പി.സ്കൂളിൽ നടത്തിയ നാടൻ ഭക്ഷ്യ പ്രദർശനമേളയുടെ പോസ്റ്റർ കണ്ടല്ലോ. ഈ പ്രദർശനം അവർ നാട്ടുകാരെ അറിയിച്ചത് ഒരു വിളംബരത്തിലൂടെയായിരുന്നു. എങ്ങനെയായിരിക്കും ആ വിളംബരമെന്ന് എഴുതൂ.